/131817/2023

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :13-12-2023
Email : swdkerala@gmail.com
Phone : 0471 – 2306040

## പരിപത്രം

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം – ഡിപിസി (ലോവർ) - ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരിൽ നിന്നും സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ്-1 തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ ഉദ്യോഗക്കയറ്റ നിയമനം - ഓപ്ഷൻ ക്ഷണിക്കുന്നത് – സംബന്ധിച്ച്

സൂചന: 1.സ.ഉ.(പി) നം. 10/2019/സാ.നീ.വ. തീയതി. 21.10.2019.
2.സ.ഉ.(കൈ).നം. 06/2021/സാ.നീ.വാ തീയതി. 15-02-2021.

കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടതും സാമൂഹ്യനീതി വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്നതുമായ ജീവനക്കാർക്ക് കേരള ജനറൽ സർവ്വീസ് റൂൾസിൽ ഉൾപ്പെട്ട വരുന്ന സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റ നിയമനവും, കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 8-ൽ ഉൾപ്പെടുന്ന സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ്-1 തസ്തികയിലേക്ക് ബൈട്രാൻസ്ഫർ ഉദ്യോഗക്കയറ്റ നിയമനവും അനുവദനീയമാണ്. കാറ്റഗറി 8-ൽ ആകെയുള്ള 20 തസ്തികകളിൽ 15 തസ്തികകളിലാണ് നിശ്ചിത അനുപാതമനുസരിച്ച് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം അനുവദനീയമായിട്ടുള്ളത്. ജൂനിയർ സൂപ്രണ്ട് തസ്തിക ഫീഡർ കാറ്റഗറിയായുള്ള 6 തസ്തിക നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്. ഒഴിവുള്ള സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചുവടെ ചേർത്തിട്ടുണ്ട്.

കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ട പ്രകാരം കാറ്റഗറി 8 ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1 തസ്തികയിലേക്ക് ബൈട്രാൻസ്ഫർ ഉദ്യോഗക്കയറ്റനിയമനം ആഗ്രഹിക്കുന്ന ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരിൽ നിന്നും ഓപ്ഷൻ ക്ഷണിക്കുന്നു.

കാറ്റഗറി 8-ൽ ഉൾപ്പെടുന്ന തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിക്കുവാൻ താൽപര്യമുള്ള ജീവനക്കാർ ഇതോടൊപ്പമുള്ള ഓപ്ഷൻ ഫോം പൂരിപ്പിച്ച് ബന്ധപ്പെട്ട കാര്യാലയമേധാവിയുടെ മേലൊപ്പ് വച്ച് ഈ പരിപത്രതീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ്-I തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനം അനുവദിയ്ക്കുന്നതിന് മതിയായ ഓപ്ഷൻ ലഭിക്കാത്ത പക്ഷം ടി തസ്തികയിൽ ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. താല്പര്യമുള്ള ജീവനക്കാർ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

എച്ച്.ദിനേശൻ.ഐ.എ.എസ്
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

എല്ലാ ജീവനക്കാർക്കും

പകർപ്പ്:-

1.എല്ലാ കാര്യാലയ മേധാവികൾക്കും

2.എഫ് സെക്ഷൻ സൂപ്രണ്ട് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്

3.സ്റ്റോക്ക് ഫയൽ/സ്പെയർ

/131817/2023

## ഓപ്ഷൻ ഫോം

സ.ഉ(അച്ചടി) നം.10/2019/സാ.നീ.വ 21/10/2019.

സ.ഉ(കൈ) നം.6/2021/SJD തീയതി: 15/02/2021.

സാമൂഹ്യനീതി വകുപ്പിൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് ചട്ട പ്രകാരം ജൂനിയർസൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ........................................................................................................................................ ........................................................ (പേര്, തസ്തിക, കാര്യാലയത്തിന്റെ പേര്) എന്ന ഞാൻ കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടത്തിലെ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് 1 തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ ഉദ്യോഗക്കയറ്റനിയമനം ഇതിനാൽ ഓപ്റ്റ് ചെയ്യുന്നു. കാറ്റഗറി 8-ൽ ഉൾപ്പെടുന്ന ഈ തസ്തികയിലേക്ക് എനിക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിക്കുന്ന പക്ഷം കേരള മിനിസ്റ്റീരിയൽ സർവ്വീസ് റൂൾസിൽ ഉൾപ്പെട്ട സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ഞാൻ അവകാശവാദമൊന്നും ഉന്നയിക്കില്ലെന്ന് സമ്മതിക്കുന്നു.

(പേര്, ഒപ്പ്, തീയതി.)

ഉദ്യോഗപ്പേര്, ജോലി ചെയ്യുന്ന കാര്യാലയം

കാര്യാലയമേധാവിയുടെ ഒപ്പ്.

പേര്, ഉദ്യോഗപ്പേര്, കാര്യാലയം.

അനുബന്ധം-1

| ക്രമ നം. | നിലവിൽ ഒഴിവുള്ള കാര്യാലയം |
|---|---|
| 1 | സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ്-1<br>ഗവ.പ്രതീക്ഷ ഭവൻ മലപ്പുറം |
| 2 | സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ്-1<br>ഗവ.വൃദ്ധ സദനം കോഴിക്കോട് |
| 3 | സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ്-1<br>ഗവ.ഭിന്നശേഷി സദനം കോഴിക്കോട് |
| 4 | സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ്-1<br>ഗവ.ആശാഭവൻ വിമൻ കോഴിക്കോട് |
| 5 | സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ്-1<br>ഗവ.വൃദ്ധ സദനം കണ്ണൂർ |
| 6 | സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ്-1<br>ഗവ.വൃദ്ധ സദനം കാസർഗോഡ് |

Signed by H Dineshan
Date: 13-12-2023 17:54:40